# 'മുജീബ്'
# അല്ലാഹുവിന്റെ ഗുണനാമം- 2

**അ**ല്ലാഹുതആല നബി(സ) തിരുമേനിയെ ക്കൊണ്ട് വിശുദ്ധഖുർആനിൽ ഇങ്ങനെ വിളംബരം ചെയ്യിച്ചു:

***ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്കുമുല്ലാഹു വയഗ്ഫി ർല്ലകും ദുനൂബക്കും***

നീ പറയുക. നിങ്ങൾ അല്ലാഹുവിനെ സ്നേഹി ക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്കു പൊറുത്തുതരികയും ചെയ്യു ന്നതാണ്. (3:32)

ഏതൊരു വ്യക്തിയെ പിന്തുടരുന്നതുകൊണ്ട് അല്ലാഹുവിന്റെ സ്നേഹം ലഭിക്കുകയും അദ്ദേ ഹത്തെ മധ്യവർത്തിയാക്കിക്കൊണ്ട് പ്രാർത്ഥിക്കു മ്പോൾ പാപം പൊറുക്കുകയും ചെയ്യുന്നുവോ ആ വ്യക്തിക്ക് അല്ലാഹുവുമായിട്ടുള്ള ബന്ധം എത്ര മാത്രം മഹത്തായതായിരിക്കും. അദ്ദേഹം സാധാരണ പറയുന്ന കാര്യംപോലും അല്ലാഹു പ്രാർത്ഥനയായി സ്വീകരിക്കുന്നുണ്ടാകും. അല്ലാഹുവിന്റെ വെളിപ്പെ ടുത്തൽകാരണം, മനുഷ്യനെന്ന നിലയിൽ താനൊരു സാധാരണകാര്യം പറഞ്ഞാലും അത് പ്രാർത്ഥനയുടെ നിറമുള്ളതായി മാറുമെന്നും മറ്റുള്ളവർക്ക് അത് പരീ ക്ഷണത്തിന് കാരണമാകുമെന്നുമുള്ള ബോധം നബി(സ) തിരുമേനിക്കും ഉണ്ടായിരുന്നു. അതു കൊണ്ട് അവിടന്ന് പറയുന്നു: ഞാനെന്റെ റബ്ബിനോട് ഇങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതായത് എന്റെ രക്ഷിതാവേ, ഞാനും ഒരു സാധാരണ മനുഷ്യനെ പോലെ ദ്വേഷപ്പെടാറുണ്ട്. ഏതുപോലെ മറ്റുള്ളവർ സന്തോഷിക്കുന്നുവോ അതുപോലെ സന്തോഷിക്കാ റുമുണ്ട്. ഞാനാർക്കെങ്കിലുമെതിരിൽ പ്രാർത്ഥിക്കു കയാണെങ്കിൽ- അയാൾ യഥാർത്ഥത്തിൽ അതി നർഹനല്ലെങ്കിൽ അല്ലാഹുവേ, എന്റെ ഈ ശാപ പ്രാർത്ഥന അയാളുടെ പരിശുദ്ധിയ്ക്കും, ഖിയാമത്തു ന്നാൾ അയാളുടെ മോക്ഷത്തിനും കാരണമാക്കേണ മേ.

ഇതായിരുന്നു, നബി(സ) തിരുമേനിയ്ക്ക് തന്റെ ദുആ സ്വീകാര്യത്തെ സംബന്ധിച്ച് അല്ലാഹുവിലുള്ള ദൃഢവിശ്വാസം. കാരണം അല്ലാഹു പറഞ്ഞതുപോലെ അവിടന്ന് അല്ലാഹുവിന്റെ സ്നേഹഭാജനമായിരുന്നു. തന്റെ സ്നേഹിതന്റെ നിസ്സാരകാര്യംപോലും തള്ളി ക്കളയാൻ ആർക്കാണ് സാധിക്കുക. അവിടത്തെ ഈ സ്ഥാനത്തെക്കുറിച്ച് ശത്രുക്കൾക്കും വിശ്വാസ മുണ്ടായിരുന്നു. ഒരു മുസ്ലിം വിശ്വസിക്കുന്നതു പോലെ, അവിടന്ന് അല്ലാഹുവിൽനിന്ന് വന്നയാളാ ണെന്നും അവിടത്തെ ദുആ അല്ലാഹു സ്വീകരിക്കു ന്നുവെന്നും കരുതിയ അവർ വിശ്വസിച്ചിരുന്നോ എന്നറിയില്ല. കാരണം അധികമാളുകളും ആകർഷി തരായിട്ടും, തങ്ങളുടെ തൻപ്രമാണിത്തത്തിന്റെ വല യിൽ കുടുങ്ങി അതിന് മറ്റു പേരുകൾ നല്കാറുണ്ട്. അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റെ അടിസ്ഥാന ത്തിലാണ് ദുആ സ്വീകരിക്കപ്പെട്ടതെന്ന് അവർ പറ യുകയില്ല. എന്തായാലും ഞാൻ പറഞ്ഞതുപോലെ അവിടന്ന്, പറഞ്ഞകാര്യം പുലർന്നു എന്ന് ശത്രു ക്കൾപോലും അംഗീകരിക്കുന്നുണ്ട്.

ഉഹ്ദ് യുദ്ധത്തിൽ അവിടത്തെ വാളുകൊണ്ട് നിസ്സാരപരിക്കേറ്റ ഒരു ശത്രുഭടൻ മരിച്ചുമരിച്ചുവെന്ന് അലമുറയിട്ടത് അതുകൊണ്ടാണ്. ഇതൊരു നിസ്സാര മുറിവാണെന്നും, ഇതുകൊണ്ടെങ്ങനെ നിങ്ങൾ മരി ക്കാനാണെന്നും ആരോ അയാളോട് ചോദിച്ചപ്പോൾ, മുഹമ്മദ്(സ) എന്നോടൊരിക്കൽ നീ എന്റെ കൈകൊണ്ട് മരിക്കുമെന്ന് പറഞ്ഞിട്ടുണ്ടെന്നും ഇന്ന് മുഹമ്മദ്(സ) എന്നെ തുപ്പുകയാണെങ്കിൽ പോലും അല്ലാഹുവാണ ഞാൻ മരിക്കുമെന്നും അയാൾ മറു പടി പറഞ്ഞു.

ആ നിസ്സാരപരിക്കുകൊണ്ടുതന്നെ കുറച്ചു ദിവ സത്തിനുശേഷം അയാൾ മരിച്ചത് ജനങ്ങൾ കണ്ടു. എന്റെ ശാപപ്രാർത്ഥനയ്ക്ക് അർഹനല്ലെങ്കിൽ അയാളെ സഹായിക്കണമെന്ന് അവിടന്ന് ദുആ ചെയ്തിരുന്നു. എന്നാൽ, ഈ ഇസ്ലാമിന്റെ ശത്രു ശിക്ഷയ്ക്കർഹനായിരുന്നു. അതുകൊണ്ട് തന്റെ അന്ത്യം അയാൾ കണ്ടു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഞാനെപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നു പേരുള്ള ഈ അറബിപ്രവാചകൻ (ആയിരമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ) എത്ര മേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ്! അവി

ടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യംതന്നെ! അവിടത്തെ ദിവ്യശക്തിപ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപെട്ടതല്ല. അഹോ കഷ്ടം! അവിടത്തെ യഥാർത്ഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്നും തികച്ചും അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്ന ആ 'തൗഹീദ്' അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്ന് അല്ലാഹുവിനോട് അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപ്പണം ചെയ്തു. മുമ്പേയുള്ളവരും പിമ്പേയുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിന് നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിന് സാധിപ്പിച്ചുകൊടുക്കുകയും ചെയ്തു."

ഈ നേരത്ത് അല്ലാഹു നബി(സ)യോട് വിവിധ അവസരങ്ങളിൽ കാണിച്ച സ്നേഹത്തെക്കുറിച്ച് ഞാൻ പറയുന്നതാണ്. ആ മഹാനായ നബിയുടെ ദുആ സ്വീകാര്യതയെക്കുറിച്ച് പൂർണ്ണമായും വിവരിക്കുക സാധ്യമല്ല. അസംഖ്യം സംഭവങ്ങളുണ്ട്. വിവിധ അവസരങ്ങളിലെ ചില മിന്നലുകൾമാത്രം സമർപ്പിക്കാൻ കഴിയും.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. മസ്റൂഖ് പറയുന്നു: ഞാൻ അബ്ദുല്ലായുടെയടുക്കൽ പോയി. അദ്ദേഹം പറഞ്ഞു. ഖുറയ്ശികൾ നബി(സ) തിരുമേനിയെ നിഷേധിക്കുകയും ആജ്ഞയനുസരിക്കാതിരിക്കുകയും ചെയ്തപ്പോൾ അവർക്കെതിരിൽ അവിടന്ന് ഇങ്ങനെ ദുആ ചെയ്തു. ***അല്ലാഹുമ്മ അയിന്നി അലയ്ഹിം ബിസബ്ഇൻ കസബ്ഇ യൂസുഫ്*** അല്ലാഹുവേ, യൂസുഫിനെ ഏഴുവർഷം കൊണ്ടു സഹായിച്ചതുപോലെ എന്നെയും ബഹുദൈവാരാധകർക്കെതിരിൽ ഏഴുവർഷംകൊണ്ട് സഹായിക്കേണമേ.

മക്കയിലെ ഖുറയ്ശികളെ ശക്തമായ വരൾച്ച വലയം ചെയ്തു. എല്ലാം അത് നശിപ്പിച്ചുകളഞ്ഞു. എല്ലുകളും ചത്തതുംവരെ അവർക്ക് തിന്നേണ്ടിവന്നു. പുകപോലുള്ള വസ്തു ഭൂമിയിൽനിന്നുയരാൻ തുടങ്ങി. അബൂസുഫ്യാൻ, നബി(സ) തിരുമേനിയുടെ സന്നിധിയിലെത്തി പറഞ്ഞു. ഏ മുഹമ്മദ്(സ) അങ്ങയുടെ ജനത നശിച്ചിരിക്കുന്നു. ഈ നാശം അവരിൽനിന്ന് അകന്നുപോകാൻ അല്ലാഹുവിനോട് അങ്ങ് ദുആ ചെയ്യുക. അവിടന്ന് ദുആ ചെയ്തുകൊണ്ട് പറഞ്ഞു. നിങ്ങളിനിയും അതേ ധിക്കാരം തുടരുന്നതാണ്. (ദുആ എന്നെക്കൊണ്ട് ചെയ്യിക്കുന്നു.പക്ഷേ, നിങ്ങളുടെ സ്വഭാവത്തിൽ നിങ്ങൾ മാറ്റം വരുത്തുകയില്ല)

മുസ്ലിംകളോട്, മക്കയിലെ സത്യനിഷേധികൾ ചെയ്ത അക്രമത്തിന് അല്ലാഹുവിനോട് ദുആ ചെയ്തതിന്റെ ഫലമായി അവൻ വരൾച്ചയുടെ രൂപത്തിൽ ശിക്ഷ ഇറക്കി. പിന്നീട് മനുഷ്യകുലത്തോടുള്ള സഹതാപം നബിയിൽ അലതല്ലാൻ തുടങ്ങി. അപ്പോൾ ശിക്ഷ അകലാൻവേണ്ടി ദുആ ചെയ്തു. അതിനോടൊപ്പം, അവരോട് പറയുകയും ചെയ്തു. ശിക്ഷ അകന്നുകഴിഞ്ഞാലും വീണ്ടും നിങ്ങൾ അതുതന്നെ ചെയ്യാൻ തുടങ്ങും. എങ്കിലും നിങ്ങളുടെ ബുദ്ധിമുട്ട് കാരണം നിങ്ങൾക്കുവേണ്ടി ഞാൻ ദുആ ചെയ്യുകയാണ്.

ഞാൻ ആദ്യമെ പറഞ്ഞതുപോലെ, ശത്രുക്കളും നബി(സ) തിരുമേനിയുടെ ദുആയിൽ ദൃഢമായും വിശ്വസിച്ചിരുന്നു. പക്ഷേ, അഹങ്കാരവും പിടിവാശിയും കാരണത്താൽ അവർ ബയ്അത്ത് ചെയ്തിരുന്നില്ല. അല്ലാഹു പറഞ്ഞതുപോലെ, അവൻ ശിക്ഷ അകറ്റുമ്പോൾ വീണ്ടും അവനെയും നബിമാരെയും നിഷേധിക്കാൻ തുടങ്ങുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അനസുബ്നുമാലിക്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനിയുടെ ജീവിതകാലത്ത് ഒരിക്കൽ കഠിനമായ വരൾച്ച ബാധിച്ചു. അവിടന്ന് ഒരു ദിവസം ജുമുഅ ഖുത്ബ ഓതുകയായിരുന്നു. ഒരു ബദ്വി എഴുന്നേറ്റുനിന്നുകൊണ്ട്, അല്ലാഹുവിന്റെ റസൂലേ! വരൾച്ചകൊണ്ട് മൃഗങ്ങളെല്ലാം ചത്തൊടുങ്ങാൻ തുടങ്ങിയിരിക്കുന്നു. അല്ലാഹുവിനോട് ഞങ്ങൾക്കായി ദുആ ചെയ്താലും എന്ന് പറഞ്ഞു. അവിടന്ന് തന്റെ കൈകളുയർത്തി. നിവേദകർ പറയുന്നു, അപ്പോൾ ആകാശത്ത് കാർമേഘത്തിന്റെ ഒരു കഷണംപോലും കണ്ടിരുന്നില്ല. പക്ഷേ, ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! അവിടന്ന് കൈ താഴ്ത്തുന്നതിനു മുമ്പേ കാർമേഘം പർവ്വതം കണക്കെ ഉരുത്തിരിഞ്ഞു. അവിടന്ന് മിമ്പറിൽനിന്നിറങ്ങുന്നതിനുമുമ്പേ, ഞാൻ നബി(സ) തിരുമേനിയുടെ അനുഗൃഹീത മുടികളിൽ മഴത്തുള്ളികൾ കണ്ടു. പിന്നീട് അടുത്ത ജുമുഅവരെ തോരാമഴ പെയ്തു. വീണ്ടും ആ ബദ്വി എഴുന്നേറ്റുനിന്നുകൊണ്ട് പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ! ഇപ്പോൾ വീടുകൾ നിലംപൊത്താനും ചരക്കുകൾ നശിക്കാനും തുടങ്ങിയിരിക്കുന്നു. അങ്ങ് ഞങ്ങൾക്കായി

ദുആ ചെയ്താലും. അവിടന്ന് തന്റെ കൈയുയർത്തി ദുആ ചെയ്തു. ***അല്ലാഹുമ്മ ഹവാലയ്നാ വലാ അല യ്നാ.*** അല്ലാഹുവേ, ഈ കാർമേഘങ്ങളെ ഞങ്ങളുടെ പരിസരത്തേക്ക് കൊണ്ടുപോയാലും. ഞങ്ങളിൽ വർഷിക്കാതിരുന്നാലും. അവിടന്ന് ഏതൊരു കാർമേഘത്തിനുനേരെ വിരൽചൂണ്ടിയാലും അത് പൊട്ടി പോയിരുന്നു. ആ മഴ കാരണത്താൽ മദീന ഒരു ഹൗള്- ജലനിലയംപോലെയായിത്തീർന്നിരുന്നു. ഖനാ താഴ്‌വര ഒരുമാസംവരെ ഒഴുകിക്കൊണ്ടിരുന്നു. എവിടെനിന്ന് ആരുവന്നാലും ഈ മഴയെക്കുറിച്ചേ അവർക്ക് പറയാനുണ്ടായിരുന്നുള്ളൂ. രണ്ടാമത് ദുആ ചെയ്യുന്നതുവരെ ആ മഴ തുടർന്നുകൊണ്ടേയിരുന്നു.

മുസ്‌ലിംകളും വിഷമത്തിൽ അകപ്പെടും വിധമുള്ള ഇത്രയധികം വരൾച്ച അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ ബാധിക്കുകയില്ലായിരുന്നു. ആവശ്യമുള്ളത്രമാത്രമേ മഴ പെയ്യുമായിരുന്നുള്ളൂ. പക്ഷേ, ചെറിയ ചെറിയ കാര്യത്തിലൂടെയും സത്യവിശ്വാസിയുടെ ജമാഅത്തിനെ പരീക്ഷിക്കുകയും, അവരുടെ വിശ്വാസത്തിന് ശക്തി പകരുന്നതിനും, നബിയുടെ കൂടുതൽ കൂടുതൽ ദിവ്യാത്ഭുതങ്ങൾ കാണിക്കുന്നതിനുമായി അത്തരം അവസ്ഥകൾ അവൻ സൃഷ്ടിക്കുകയും ചെയ്യുന്നു. അത് സത്യവിശ്വാസികൾക്ക് ഈമാൻ വർദ്ധിക്കാനും സത്യനിഷേധികൾക്ക് അതിലേക്ക് ശ്രദ്ധിക്കാനും കാരണമായിത്തീരുന്നു. ഇപ്രകാരംതന്നെ സത്യവിശ്വാസികളുടെ ഈമാൻ ഉറയ്ക്കുന്നതിനായി വലിയ വലിയ പരീക്ഷണങ്ങളും വരുന്നു. എപ്പോഴും അല്ലാഹുവിനോട് സഹായം ചോദിച്ചുകൊണ്ട് ഈ പരീക്ഷണങ്ങളിലൂടെ കടന്നുപോകേണ്ടതാണ്. പക്ഷേ, സത്യവിശ്വാസികളുടേയും, നബിമാരുടേയും, ദുആ കാരണത്താൽ അവസാനം, സത്യവിശ്വാസികൾക്കനുകൂലമായി അല്ലാഹു അവസ്ഥയെ മാറ്റുന്നു.

ഞാൻ പറഞ്ഞുവന്നത് നബി(സ) തിരുമേനിയുടെ ദുആ അല്ലാഹു സ്വീകരിച്ചതിനെ സംബന്ധിച്ചാണ്. എങ്ങനെയായിരുന്നു അവിടന്ന് പറഞ്ഞ കാര്യങ്ങൾ അല്ലാഹു പൂർണ്ണമാക്കിക്കാണിച്ചത്.

ഹസ്റത്ത് അനസ്(റ) വിവരിക്കുന്നു. എന്റെ മാതാവ് പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ! അങ്ങയുടെ ഭൃത്യനായ അനസിനുവേണ്ടി ദുആ ചെയ്താലും. നബി(സ) പറഞ്ഞു. അല്ലാഹുവേ, അവന്റെ ധനത്തിലും സന്താനത്തിലും അനുഗ്രഹം നല്കിയാലും. നീ എന്തൊന്നാണോ അവന് നല്കുന്നത് അതിൽ അനുഗ്രഹം ചൊരിഞ്ഞാലും.

നിവേദനങ്ങളിൽ വന്നിരിക്കുന്നു, ഹസ്റത്ത് അനസിന് ഒരു തോട്ടമുണ്ടായിരുന്നു. ആ ദുആയ്ക്കുശേഷം ആ തോട്ടം വർഷത്തിൽ രണ്ടുപ്രാവശ്യം വിളവ് നല്കുമായിരുന്നു. നബി(സ) ഹസ്റത്ത് അനസിനുവേണ്ടി അദ്ദേഹത്തിന് ധാരാളം ധനമുണ്ടാകാനും മക്കളുണ്ടാകാനും ദുആ ചെയ്തിരുന്നു. ഇതിന്റെ ഫലമായി, അദ്ദേഹത്തിന്റെ ജീവിതകാലത്ത് മക്കളും മക്കളുടെമക്കളും അവരുടെ മക്കളുമായി എൺപതോളം കുടുംബാംഗങ്ങളെ അദ്ദേഹം കണ്ടു. അവിടന്ന് 103 വയസ്സുവരെ (ചില നിവേദനങ്ങളിൽ 110 എന്ന് കാണുന്നുണ്ട്) ജീവിച്ചിരുന്നു.

നബി(സ) തിരുമേനി ശത്രുക്കൾക്കെതിരിൽ ശാപപ്രാർത്ഥന ചെയ്തതും അത് അല്ലാഹു സ്വീകരിച്ചതും മറ്റൊരു നിവേദനത്തിൽ ഇങ്ങനെ വന്നിട്ടുണ്ട്. ഹസ്റത്ത് അബ്ദുല്ലാഹ്(റ) വിവരിക്കുന്നു. ഒരിക്കൽ നബി(സ) കഅ്ബയുടെ തണലിൽ നമസ്കരിക്കുകയായിരുന്നു. അബൂജഹലും ചില ഖുറയ്ശികളും കൂടിയാലോചിച്ച് ഒട്ടകത്തിന്റെ കുടൽമാല കൊണ്ടുവന്ന് നബി(സ)യുടെ പിടലിയിലിട്ടു. ഹസ്റത്ത് ഫാത്വിമ വന്നിട്ട് അത് നീക്കി. അപ്പോൾ നബി(സ) തിരുമേനി വിലപിച്ചുകൊണ്ടു പറഞ്ഞു. അല്ലാഹുവേ, നീ തന്നെ ഖുറയ്ശികളെ കൈകാര്യം ചെയ്താലും. അല്ലാഹുവേ, നീ തന്നെ ഖുറയ്ശികളെ കൈകാര്യം ചെയ്താലും. അല്ലാഹുവേ, നീ തന്നെ ഖുറയ്ശികളെ കൈകാര്യം ചെയ്താലും. നിവേദകൻ പറയുന്നു. ഈ ശാപപ്രാർത്ഥന അബൂജഹ്ൽ ബിൻ ഹിശാം, ഉത്ബാ ബിൻ റബീഅ, ശേയ്ബ ബിൻ റബീഅ, വലീദ് ബിൻ ഉത്ബ, ഉഖ്ബത്തുബ്നു അബീമുഐത് തുടങ്ങിയവരെ കുറിച്ചായിരുന്നു. ഹസ്റത്ത് അബ്ദുല്ലാഹ്(റ) പറയുന്നു. ഞാൻ ഇവരെല്ലാവരേയും ബദ്ർ മൈതാനത്ത് വധിക്കപ്പെട്ടവരിൽ കണ്ടു.

മക്കയിൽ നബി(സ) തിരുമേനിയുടെ ഉറക്കം കെടുത്തിയ ഖുറയ്ശി നേതാക്കന്മാരുടെ അന്ത്യം ഇങ്ങനെയായിരുന്നു. ഇവർ കാരണത്താലാണ് നബി(സ) തിരുമേനിക്ക് സ്വന്തം പട്ടണത്തിൽനിന്ന് ഹിജ്റ ചെയ്യേണ്ടിവന്നത്. ഹിജ്റ ചെയ്തുപോകുന്ന നേരത്ത് മക്കയിലേക്ക് തിരിഞ്ഞുനിന്നുകൊണ്ട് അവിടന്ന് പറഞ്ഞു. "എന്റെ നാടേ! നീ എനിക്ക് വളരെ പ്രിയങ്കരിയാണ്. പക്ഷേ, നിന്നിൽ വസിക്കുന്നവർ എന്നെ ഇവിടെ ജീവിക്കാൻ അനുവദിക്കുന്നില്ല."

നബി(സ) തിരുമേനി ഖുറയ്ശീനേതാക്കൾക്കെതിരിൽ ശാപപ്രാർത്ഥന ചെയ്തത്, അവിടത്തെ ഹൃദയകാഠിന്യം കൊണ്ടായിരുന്നില്ല. അവിടത്തെ ഹൃദയത്തിന്റെ മൃദുത്വത്തിന് അതിരുണ്ടായിരുന്നില്ല. അതുകൊണ്ടാണല്ലോ താഇഫിൽനിന്ന് മർദ്ദനമേറ്റ് തിരിച്ചോ

ടിവരികയും, പർവ്വതത്തിന്റെ മലക്കുകൾ അല്ലാഹുവിൽനിന്ന് അവരെ നശിപ്പിക്കാനുള്ള സന്ദേശവുമായി വന്ന്, താങ്കൾ അനുവദിച്ചാൽ ഇരു മലകളേയും കൂട്ടിച്ചേർത്ത് ഇവരെ നശിപ്പിക്കാമെന്ന് പറയുകയും ചെയ്തപ്പോൾ, പാടില്ല, പാടില്ല ഇവരിൽനിന്നാണ് അല്ലാഹുവിനെ ആരാധിക്കുന്നവർ ഉണ്ടാകേണ്ടതെന്ന് പറഞ്ഞത്. ഇതായിരുന്നു മനുഷ്യരോടുണ്ടായിരുന്ന അവിടത്തെ സഹതാപത്തിന്റെ നില. അല്ലാഹു അനുവദിച്ചിട്ടും അവിടന്ന് ശാപപ്രാർത്ഥന ചെയ്തില്ല. പക്ഷേ, ജനതയുടെ നേതാക്കൾ ശാപപ്രാർത്ഥനയ്ക്കർഹരായിരുന്നു. അവർക്കെതിരിൽ ശാപപ്രാർത്ഥന ചെയ്തു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. തുഫയ്ൽ ബിൻ അംറ് അദ്ദൗസിയും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായിക്കൊണ്ട് പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ, ദൗസ് ഗോത്രക്കാർ ഇസ്ലാം സ്വീകരിക്കുന്നതിനെ നിഷേധിച്ചിരിക്കുന്നു. അതുകൊണ്ട് അവർക്കെതിരിൽ അങ്ങ് ശാപപ്രാർത്ഥന ചെയ്താലും. അപ്പോൾ ദൗസ് ഗോത്രം നശിച്ചിരിക്കുന്നുവെന്ന് ആരോ പറഞ്ഞു. നബി(സ) തിരുമേനി ഇങ്ങനെ ദുആ ചെയ്തു. അല്ലാഹുവേ, നീ ദൗസ് ഗോത്രത്തിന് സന്മാർഗ്ഗം നല്കിയാലും. അവരെ ഞങ്ങളിലേക്ക് കൊണ്ടുവന്നാലും. ഈ സംഭവത്തിന്റെ വിശദീകരണം നമുക്കിങ്ങനെ ലഭിക്കുന്നുണ്ട്. തുഫയ്ൽ ബിൻ അംറ് ആദരണീയനായ ഒരു വ്യക്തിയും ബുദ്ധിമാനായ കവിയുമായിരുന്നു. അദ്ദേഹം മക്കയിൽ വന്നപ്പോൾ, ഖുറയ്ശികളിലെ ചിലയാളുകൾ പറഞ്ഞു. തുഫയ്ലേ! താങ്കൾ ഞങ്ങളുടെ പട്ടണത്തിൽ വന്നിരിക്കുകയാണ്. മുഹമ്മദ്(സ) വല്ലാത്തൊരു ഫിത്നയാണ് ഉണ്ടാക്കിവെച്ചിട്ടുള്ളത്. (നഊദുബില്ലാഹ്) അവൻ ഞങ്ങളുടെ ജമാഅത്തിനെ ഛിന്നഭിന്നമാക്കി. അവൻ വലിയ ഇന്ദ്രജാലക്കാരനാണ്. ബാപ്പയും മകനും തമ്മിലും സഹോദരനും സഹോദരനും തമ്മിലും ഭാര്യാഭർത്താക്കന്മാർ തമ്മിലും അവൻ അകൽച്ച ഉണ്ടാക്കിയിരിക്കുന്നു. ഞങ്ങളെക്കുറിച്ച് ഞങ്ങൾ ഭയപ്പെടുന്നതുപോലെ നിങ്ങളുടെ ജനത്തെക്കുറിച്ചും ഞങ്ങൾക്ക് ഭയമുണ്ട്. അതുകൊണ്ട് താങ്കൾ ആ വ്യക്തിയുമായി സംസാരിക്കരുതെന്നും, അയാൾ പറയുന്നത് കേൾക്കരുതെന്നുമാണ് ഞങ്ങളുടെ അഭിപ്രായം. തുഫയ്ൽ പറയുന്നു. മക്കയിലെ നിഷേധികൾ എത്രമാത്രം സമ്മർദ്ദം ചെലുത്തിയെന്നാൽ, അവസാനം മുഹമ്മദിന്റെ സംസാരം കേൾക്കുകയില്ലെന്നും ഒരു കാര്യവും സംസാരിക്കുകയില്ലെന്നും ഞാൻ തീരുമാനിച്ചു. എന്നാൽ, മുഹമ്മദ് ബയ്ത്തുല്ലായിൽ ഉണ്ടാകുമെന്ന് എനിക്കറിയാമായിരുന്നു. അതുകൊണ്ട് അപ്രതീക്ഷിതമായിട്ടും മുഹമ്മദിന്റെ ശബ്ദം എന്റെ ചെവിയിൽ പതിക്കാതിരിക്കാൻ ഞാൻ പഞ്ഞി തിരുകിവെച്ചു. ഞാൻ ബയ്ത്തുല്ലായിലെത്തിയപ്പോൾ നബി(സ) തിരുമേനി കഅ്ബയുടെയടുത്തുനിന്ന് നമസ്കരിക്കുന്നത് കണ്ടു. ഞാൻ അതിനടുത്തുനിന്നു. തിലാവത്തിന്റെ ചില വാക്കുകളല്ലാതെ മറ്റൊന്നും എനിക്ക് കേൾക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ, കേട്ടത് നല്ലതായിട്ട് എനിക്കുതോന്നി. ഞാനെന്റെ മനസ്സിൽ എന്റെ നാശം എന്നു പറഞ്ഞു. ഞാനൊരു ബുദ്ധിമാനായ കവിയാണ്. നന്മയും തിന്മയും നല്ലവണ്ണം തിരിച്ചറിയുന്നവനാണ്. ഈ വ്യക്തി പറയുന്ന കുറച്ചുകാര്യം കേട്ടതുകൊണ്ട് എന്തു സംഭവിക്കാനാണ്. നല്ല കാര്യമാണെങ്കിൽ ഞാനത് സ്വീകരിക്കും. മോശമാണെങ്കിൽ തിരസ്കരിക്കുകയും ചെയ്യും. തുഫയ്ൽ പറയുന്നു, നബി(സ) തിരുമേനി വീട്ടിലേക്ക് പോയപ്പോൾ, കുറച്ചുനേരം കാത്തുനിന്നതിനുശേഷം ഞാനും അവിടത്തെ പിന്നാലെ നടന്നു. അവിടന്ന് വീട്ടിൽ കയറാൻ തുടങ്ങിയപ്പോൾ, ഞാൻ പറഞ്ഞു: മുഹമ്മദേ!(സ) താങ്കളുടെ ജനത താങ്കളെക്കുറിച്ച് ഇങ്ങനെയൊക്കെയാണ് പറഞ്ഞിട്ടുള്ളത്. അല്ലാഹുവാണ! അവരെന്നെ വല്ലാതെ ഭയപ്പെടുത്തിയിരിക്കുന്നു. എത്രമാത്രമെന്നാൽ താങ്കളുടെ വാക്കുകൾ കേൾക്കാതിരിക്കാൻ എനിക്കെന്റെ ചെവിയിൽ പഞ്ഞിതിരുകേണ്ടതായി വന്നു. എന്നാൽ, അല്ലാഹു എന്നിട്ടും അങ്ങയുടെ വാക്കുകൾ എന്നെ കേൾപ്പിച്ചു. ഞാൻ കേട്ടത് വളരെ മനോഹരമാണ്. അങ്ങ്, നേരിട്ട് എന്നോട് അങ്ങയുടെ വാദത്തെക്കുറിച്ച് പറഞ്ഞാലും. അദ്ദേഹം പറയുന്നു. നബി(സ) തിരുമേനി എന്നോട് ഇസ്ലാമിനെ കുറിച്ച് പറഞ്ഞു. വിശുദ്ധഖുർആൻ പാരായണം ചെയ്ത് കേൾപ്പിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു. അല്ലാഹുവാണ! ഞാൻ അതിനേക്കാൾ മനോഹരമായ വചനങ്ങളോ അതിനേക്കാൾ സുവ്യക്തവും നേരെയുള്ളതുമായ കാര്യങ്ങളോ ഒരിക്കലും കണ്ടിട്ടില്ല. അങ്ങനെ ഞാൻ ഇസ്ലാം സ്വീകരിച്ചു. സത്യത്തിന് സാക്ഷി പറഞ്ഞു. ഞാനപേക്ഷിച്ചു. അല്ലാഹുവിന്റെ നബീ! ഞാനെന്റെ ജനതയുടെ നേതാവാണ്. ഞാൻ പറയുന്നത് അവർ കേൾക്കുന്നു. തിരിച്ചുപോയി അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കണമെന്നാണ് എന്റെ തീരുമാനം. അവിടന്ന് എനിക്കുവേണ്ടി ദുആ ചെയ്താലും. അടുത്തദിവസംതന്നെ ഞാനെന്റെ ഗോത്രക്കാരുടെയടുക്കലെത്തി. വൃദ്ധനായ എന്റെ പിതാവ് എന്നെ

കാണാൻ വന്നു. ഇന്നുമുതൽ ഞാനും താങ്കളും തമ്മിലുള്ള ബന്ധം അവസാനിച്ചിരിക്കുന്നുവെന്ന് ഞാനദ്ദേഹത്തോട് പറഞ്ഞു. പിതാവ് കാരണം ചോദിച്ചു. ഞാൻ ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് മുഹമ്മദ്(സ)ന് ബയ്അത്ത് ചെയ്തിരിക്കുന്നുവെന്ന് പറഞ്ഞു. അതു കേട്ടപ്പോൾ, നിന്റെ ദീൻ തന്നെയാണ് എന്റേയുമെന്ന് പിതാവ് പറഞ്ഞു. (തന്റെ മകന്റെ നന്മയെക്കുറിച്ചും സത്യസന്ധതയെക്കുറിച്ചും അദ്ദേഹത്തിന്നറിയാമായിരുന്നു) കൈയും കാലും കഴുകി വൃത്തിയുള്ള വസ്ത്രം ധരിച്ചുവരാൻ ഞാൻ പിതാവിനോട് പറഞ്ഞു. ഞാൻ അങ്ങേയ്ക്ക് ഇസ്‌ലാമികാധ്യാപനത്തെക്കുറിച്ച് അല്പം പറഞ്ഞുതരാം. അദ്ദേഹം അങ്ങനെ ചെയ്തു. ഞാൻ ഇസ്‌ലാമികാധ്യാപനത്തെക്കുറിച്ച് അദ്ദേഹത്തിന് പറഞ്ഞുകൊടുത്തു. പിന്നീട് എന്റെ ഭാര്യ എന്റെയടുത്തുവന്നു. നിന്നിൽനിന്ന് ഞാൻ വേർപ്പെട്ടിരിക്കുന്നുവെന്ന് ഞാൻ അവളോട് പറഞ്ഞു. നീയുമായിട്ട് ഒരു ബന്ധവും അവശേഷിക്കുന്നില്ല. അവളും കാരണം ചോദിച്ചു. ഞാൻ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നുവെന്ന് അവളോട് പറഞ്ഞു. അവളും കാര്യങ്ങൾ കേൾക്കുകയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം ഞാനെന്റെ ഗോത്രമായ ദൗസിനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. എന്നാൽ, എന്റെ ക്ഷണത്തെ അവർ ശ്രദ്ധിച്ചില്ല. ഞാൻ നബി(സ)യുടെ സന്നിധിയിൽ മക്കയിൽ വന്നു. ദൗസ് ഗോത്രക്കാർ ഇസ്‌ലാം സ്വീകരിക്കുന്നില്ലെന്നും അവർക്കെതിരിൽ ശാപപ്രാർത്ഥന നടത്തണമെന്നും പറഞ്ഞു. നബി(സ) കൈകളുയർത്തി ഇങ്ങനെ ദുആ ചെയ്തു. അല്ലാഹുവേ! ദൗസ് ഗോത്രക്കാർക്ക് സന്മാർഗ്ഗം നല്കിയാലും. ആ നേരത്ത് നബി(സ) തിരുമേനി തുഫയ്‌ലിനോട് ഇങ്ങനേയും പറഞ്ഞു. താങ്കൾ തിരിച്ചുപോയി ശാന്തമായും ലളിതമായും സന്ദേശമെത്തിക്കുക. അങ്ങനെ അദ്ദേഹം പോയി ശാന്തമായി തബ്‌ലീഗ് തുടങ്ങി. (നബി(സ) തിരുമേനിയുടെ ദുആ എങ്ങനെയാണ് സ്വീകരിക്കപ്പെട്ടതെന്ന് തുടർന്ന് വിവരിക്കുന്നു) ഈ ഗോത്രക്കാർ നബി(സ) തിരുമേനിയുടെ ദുആയുടെ ഫലമായി അഹ്സാബ് യുദ്ധത്തിനുശേഷം ഇസ്‌ലാം സ്വീകരിച്ചു. അതിനുശേഷം തുഫയ്ൽബിൻഅംറ് ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നു. അദ്ദേഹത്തോടൊപ്പം 70 കുടുംബം വേറെയുമുണ്ടായിരുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ)യും ഈ ഗോത്രക്കാരനായിരുന്നു. ആ എഴുപത് കുടുംബത്തോടൊപ്പം അദ്ദേഹവും ഹിജ്റത്ത് ചെയ്ത് മദീനയിൽവന്ന വ്യക്തിയാണ്. ദുആ സ്വീകാര്യതയുടെ നേരം വന്നണഞ്ഞപ്പോൾ, അല്ലാഹു എങ്ങനെയാണ് ആ ദുആ പുലർത്തിക്കാണിച്ചതെന്ന് നോക്കുക. ശാന്തമായ തബ്‌ലീഗ് കൊണ്ട് ആ ഗോത്രക്കാരുടെ ഹൃദയം മൃദുവാകാൻ തുടങ്ങി. അങ്ങനെ അവർ ഇസ്‌ലാം സ്വീകരിച്ചു. ഈ ദുആയുടെ ഫലമായി അബൂഹുറയ്റ(റ) യെ പോലുള്ള ആളുകളെ അല്ലാഹു നല്കി. അദ്ദേഹം ഇന്ന് നബി(സ)യുടെ രിവായത്തുകൾ നമ്മളിൽ എത്തിച്ചുകൊണ്ട്, നമുക്കും സന്മാർഗ്ഗത്തിന് കാരണമായിത്തീർന്നു.

ഹസ്റത്ത് അബൂഹുറയ്റ(റ) നബി(സ) തിരുമേനിയുടെ ദുആയുടെ ഫലമായി തന്റെ മാതാവ് ഇസ്‌ലാം മതം സ്വീകരിച്ച സംഭവം ഇങ്ങനെ വിവരിക്കുന്നു. ബഹുദൈവാരധകയായ എന്റെ മാതാവിനെ ഞാൻ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. ഒരു ദിവസം ഞാനെന്റെ മാതാവിനെ തബ്‌ലീഗ് ചെയ്തപ്പോൾ, അവർ നബി(സ) തിരുമേനിയെ അധിക്ഷേപിച്ചു സംസാരിച്ചു. ഞാൻ നബി(സ)യുടെ സന്നിധിയിൽ കരഞ്ഞുകൊണ്ട് ഓടിവന്നു. അല്ലാഹുവിന്റെ റസൂലേ(സ)! ഞാനെന്റെ ഉമ്മയെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. അവർ നിഷേധിച്ചുകൊണ്ടിരുന്നു. ഇന്ന് ഞാൻ ക്ഷണിച്ചപ്പോൾ അങ്ങയെക്കുറിച്ച് അധിക്ഷേപിച്ചു അവർ പറഞ്ഞു. അങ്ങ് എന്റെ ഉമ്മായ്ക്ക് സന്മാർഗ്ഗം ലഭിക്കാൻ ദുആ ചെയ്താലും. നബി(സ) തിരുമേനി ദുആ ചെയ്തു. അല്ലാഹുവേ! അബൂഹുറയ്റ(റ)യുടെ ഉമ്മായ്ക്ക് സന്മാർഗ്ഗം നല്കിയാലും. നബി(സ) തിരുമേനിയുടെ ദുആ കേട്ടുകൊണ്ട് സന്തോഷത്തോടെ ഞാൻ വീട്ടിലേക്ക് മടങ്ങി. ഞാൻ വീടിന്റെ വാതിലിനടുത്ത് എത്തിയപ്പോൾ അത് അടച്ചിരുന്നു. എന്റെ ഉമ്മ എന്റെ കാലടിശബ്ദം കേട്ടുകൊണ്ട് പറഞ്ഞു. അബൂഹുറയ്റ(റ), അവിടെ നില്ക്കുക. വെള്ളം വീഴുന്ന ശബ്ദം ഞാൻ കേട്ടു. അതിനുശേഷം കുളി കഴിഞ്ഞ് വസ്ത്രം ധരിച്ച് തലയിൽ തട്ടമിട്ടുകൊണ്ട് വന്ന് വാതിൽ തുറന്നു. പിന്നീട് അവർ പറഞ്ഞു. അബൂഹുറയ്റ(റ), അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ലെന്നും മുഹമ്മദ് അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അദ്ദേഹം പറയുന്നു. ഞാൻ തിരിച്ചോടി നബി(സ)യുടെ സന്നിധിയിലെത്തി. സന്തോഷംകൊണ്ട് ഞാൻ കരയുകയായിരുന്നു. ഞാൻ പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ! സന്തോഷിക്കുക. അല്ലാഹു അങ്ങയുടെ പ്രാർത്ഥന സ്വീകരിച്ചിരിക്കുന്നു. അബൂഹുറയ്റായുടെ ഉമ്മായ്ക്ക് സന്മാർഗ്ഗം നല്കിയിരിക്കുന്നു. അവിടന്ന് അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്തു. സദുപദേശങ്ങളും നല്കി. ഹസ്റത്ത് അബൂഹുറയ്റ(റ) പറയുന്നു. ഞാൻ പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ! അല്ലാഹു എന്നേയും എന്റെ മാതാ

വിനേയും സത്യവിശ്വാസികളുടെ സ്നേഹഭാജനമാക്കാനും അവരെ ഞങ്ങൾക്ക് സ്നേഹഭാജനമാക്കാനും അല്ലാഹുവിനോട് ദുആ ചെയ്താലും. അബൂഹുറയ്റ(റ) പറയുന്നു. ഈ രീതിയിൽ അവിടന്ന് ദുആ ചെയ്തു. അല്ലാഹുവേ, നിന്റെ ദാസനായ അബൂഹുറയ്റ(റ)യേയും അദ്ദേഹത്തിന്റെ മാതാവിനേയും നീ സത്യവിശ്വാസികളുടെ സ്നേഹഭാജനമാക്കേണമേ. സത്യവിശ്വാസികളെ ഇവരുടെ സ്നേഹഭാജനവുമാക്കേണമേ.

നോക്കുക, ഒന്ന് നബി(സ)യുടെ ദുആയുടെ ഫലമായി അവിടത്തെ മാതാവ് ഇസ്ലാം സ്വീകരിച്ചു. രണ്ടാമത്തെ ദുആ ഞാൻ പറഞ്ഞതുപോലെ ഇങ്ങനെ സ്വീകരിക്കപ്പെട്ടു. അബൂഹുറയ്റ(റ) നിവേദനം ചെയ്ത നിരവധി ഹദീസുകൾ നമുക്ക് ലഭിച്ചിരിക്കുന്നു. അതുകൊണ്ട്, ഹസ്റത്ത് അബൂഹുറയ്റ(റ)യ്ക്കുവേണ്ടി ഹൃദയത്തിൽനിന്ന് ദുആ വരുന്നു. ഇന്നേവരെ സത്യവാനായ മുസൽമാൻ, അബൂഹുറയ്റ(റ) നിവേദനം ചെയ്ത ഏതെങ്കിലും ഹദീസ് കേട്ട് സന്മാർഗ്ഗം പ്രാപിക്കുമ്പോൾ അബൂഹുറയ്റ(റ)യ്ക്കുവേണ്ടി ദുആ ചെയ്യുന്നു. അദ്ദേഹത്തോടുള്ള സ്നേഹം വർദ്ധിക്കുകയും ചെയ്യുന്നു. അങ്ങനെയാണ് വേണ്ടതും. അദ്ദേഹം അവസാനാളുകളിൽ ഇസ്ലാം സ്വീകരിച്ചും നിരവധി നിവേദനങ്ങൾ നമുക്കെത്തിച്ചുതന്നു. ഈ സൽക്കർമ്മം ചെയ്യുന്നതിനായി ഒരുപാടുനാളുകൾ പട്ടിണികിടന്നു. പക്ഷേ, താൻ കേൾക്കാത്ത ഒരു കാര്യവും ഉണ്ടാകരുതെന്നു കരുതി നബി(സ)യുടെ സദസ്സിൽനിന്ന് എഴുന്നേറ്റുപോയില്ല. അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്നേഹം കാരണം സത്യവിശ്വാസികളുടെയും സ്നേഹഭാജനമായിത്തീർന്നവരായിരുന്നു ഇക്കൂട്ടർ. അവസാനനാൾവരെ ഇത് തുടർന്നുപോകുന്നതാണ്.

നബി(സ) തിരുമേനിയുടെ തിരുസന്നിധിയിൽ എപ്പോഴും ഇരിക്കാനും അവിടത്തെ അനുഗൃഹീത വാക്കുകൾ കേൾക്കാനും അത് ഓർമ്മവയ്ക്കാനും ഹസ്റത്ത് അബൂഹുറയ്റ(റ)യ്ക്ക് വളരെ താൽപര്യമായിരുന്നു. ആദ്യമാദ്യം വന്നപ്പോൾ വലിയ കൂർമ്മബുദ്ധിയൊന്നും അദ്ദേഹത്തിന്നില്ലായിരുന്നു. എല്ലാ കാര്യങ്ങളും ഓർമ്മവയ്ക്കാനും സാധിച്ചിരുന്നില്ല. അതിൽ അദ്ദേഹം വ്യാകുലചിത്തനായിരുന്നു. ഒരിക്കൽ തന്റെ ബലഹീനതയെക്കുറിച്ച് നബി(സ) തിരുമേനിയോടു അദ്ദേഹം പറഞ്ഞുകൊണ്ട് ദുആയ്ക്ക് അപേക്ഷിച്ചു. അബൂഹുറയ്റ(റ) അക്കാര്യം ഇങ്ങനെ പറയുന്നു. ഞാനൊരിക്കൽ നബി(സ) തിരുമേനിയോടു പറഞ്ഞു. അങ്ങയിൽനിന്ന് കേൾക്കുന്ന കാര്യങ്ങൾ ഞാൻ മറന്നുപോകുന്നു. പുതപ്പ് നിലത്ത് വിരിക്കാൻ അവിടന്ന് പറഞ്ഞു. പുതപ്പ് ഞാൻ താഴെ വിരിച്ചു. അവിടന്ന് ദുആ ചെയ്തു. ഇതിനുശേഷം നബി(സ) ഒരുപാട് കാര്യങ്ങൾ വിവരിച്ചു. അത് ഞാൻ കേട്ടു. എന്നാൽ അവയിലൊന്നുപോലും ഞാൻ മറന്നില്ല.

ഞാൻ പറഞ്ഞതുപോലെ, ഇന്ന് വിശ്വാസയോഗ്യരായ നിവേദക കർത്താക്കളിൽ ഏറ്റവും മുന്നിൽ അബൂഹുറയ്റ(റ) ഗണിക്കപ്പെടുന്നു.

ഒരിക്കൽ നബി(സ) തിരുമേനി ഹസ്റത്ത് അബ്ദുർ റഹ്മാനിബ്നു ഔഫിന്റെ ധനത്തിൽ അനുഗ്രഹമുണ്ടാകാൻ പ്രാർത്ഥിച്ചു. അദ്ദേഹം പറയുന്നു, അതിനുശേഷം എന്തു കിട്ടിയാലും അതിൽ അനുഗ്രഹം ഉണ്ടായിക്കൊണ്ടിരുന്നു. നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു. അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന് അനുഗ്രഹം കിട്ടാൻ നബി(സ) ദുആ ചെയ്തു. അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറയുന്നു. അവിടത്തെ ദുആയുടെ ഫലമായി, അല്ലാഹുവിൽനിന്നുണ്ടായ അനുഗ്രഹം എത്രമാത്രമായിരുന്നുവെന്ന് വെച്ചാൽ, ഒരു കല്ല് ഞാൻ എവിടെനിന്നെങ്കിലും പൊക്കുകയാണെങ്കിൽ അതിന്നടിയിൽ സ്വർണ്ണം ഉണ്ടായിരിക്കും എന്ന പ്രതീക്ഷ എനിക്കുണ്ടാകുമായിരുന്നു. ഈ ഐശ്വര്യാവസ്ഥയിൽ വഫാത്തായപ്പോൾ, അവിടന്ന് ഉപേക്ഷിച്ചുപോയ സ്വർണ്ണം പിക്കാസുകൊണ്ട് പൊട്ടിച്ചാണ് വിതരണം ചെയ്തിരുന്നത്. നാലു ഭാര്യമാർ അദ്ദേഹത്തിനുണ്ടായിരുന്നു. ഓരോ ഭാര്യയ്ക്കും ഓരോ ലക്ഷം ദീനാർ അനന്തരാവകാശമായി ലഭിച്ചു. അബ്ദുർറഹ്മാൻബിൻ ഔഫ്(റ) രോഗാവസ്ഥയിലായിരിക്കുമ്പോൾ ഒരു ഭാര്യയെ ത്വലാഖ് ചൊല്ലിയിരുന്നു. അവർക്കും 80,000 ദീനാർ കൊടുക്കാൻ പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്ത് അദ്ദേഹം കൊടുത്തിരുന്ന സദഖയും ദാനധർമ്മങ്ങളും തുടരുന്നതിനായി അവിടന്ന് വസിയ്യത്ത് ചെയ്തതനുസരിച്ച് 50,000 ദിർഹം മാറ്റിവെച്ചു.

അഹ്സാബ് യുദ്ധത്തിലുണ്ടായ സംഭവമാണ് മറ്റൊന്ന്. വലിയ വലിയ ഗോത്രങ്ങൾ സംഘടിച്ചുകൊണ്ട് മദീനയെ ആക്രമിച്ചു. മുസ്ലിംകളുടെ അവസ്ഥ അങ്ങേയറ്റം ആശങ്കാജനകമായിരുന്നു. അപ്പോൾ മുസ്ലിംകളുടെ വിജയത്തിനായും സത്യനിഷേധികളുടെ പരാജയത്തിനായും അവിടന്ന് ദുആ ചെയ്തു. നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബ്ദുല്ലാഹ്ബിൻ അബീ ഔഫ(റ) പറയുന്നു. നബി(സ) തിരുമേനി അഹ്സാബിന്നെതിരിൽ ഇങ്ങനെ ദുആ ചെയ്തു.

"*അല്ലാഹുമ്മ മുൻസിലൽകിതാബി സരീ അൽഹിസാബി ഇഹ്സിമിൽ അഹ്സാബി അല്ലാ ഹുമ്മ ഇഹ്സിമുഹും വ സൽസിൽഹും*" അല്ലാഹുവേ, ഗ്രന്ഥത്തെ ഇറക്കുന്നവനേ, പെട്ടെന്ന് കണക്കെടുക്കുന്നവനേ, അവിശ്വാസികളെ പരാജയപ്പെടുത്തുന്നവനേ, അല്ലാഹുവേ, ഈ അവിശ്വാസികളെ പരാജയപ്പെടുത്തേണമേ. അവരുടെ പാദം പിഴുതെടുക്കേണമേ.

അല്ലാഹുതആല നബി(സ) തിരുമേനിയുടെ ദുആ സ്വീകരിച്ചു. പുറത്തുനിന്നുള്ള ആക്രമണങ്ങളും ഉള്ളിൽനിന്നുള്ള കപടവിശ്വാസികളുടെ പ്രവർത്തനങ്ങളും ഉണ്ടായിട്ടും അല്ലാഹു എങ്ങനെയാണ് സഹായിച്ചതെന്നും മദീനയെ അപ്പടി തകർക്കാൻ വന്ന അക്കൂട്ടർ, എത്രമാത്രം പേടിച്ചാണ് തിരിച്ചുപോയതെന്നും നാം കണ്ടതാണ്. കപടവിശ്വാസികളായ ഗോത്രക്കാരേയും അല്ലാഹു പരാജയപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്തു.

അതിന്റെ ഹ്രസ്വവിവരണം ഇങ്ങനെയാണ്. ബനൂനസീറിന്റെ രാജ്യദ്രോഹം കാരണം അവരെ നാടുകടത്തിയപ്പോൾ അവർ ഇസ്ലാമിനെതിരിൽ വൻശക്തി സംഘടിപ്പിച്ചുകൊണ്ട് മദീനയെ ആക്രമിക്കാൻ തീരുമാനിച്ചു. 10,000 മുതൽ 15,000 വരെയുള്ള സൈന്യത്തെ സംഘടിപ്പിച്ചുകൊണ്ടാണ് അവർ ആക്രമണം നടത്തിയത്. അക്കാലഘട്ടത്തിൽ ഇതൊരു വൻസൈന്യമായിരുന്നു. ഈ ആക്രമണത്തെക്കുറിച്ച് അറിഞ്ഞപ്പോൾ നബി(സ) തിരുമേനി സ്വഹാബത്തുമായി കൂടിയാലോചിച്ചു. ഹസ്റത്ത് സൽമാനുൽ ഫാരിസിയുടെ അഭിപ്രായപ്രകാരം മദീനയിൽനിന്നുകൊണ്ട് പ്രതിരോധിക്കാൻ തീരുമാനിക്കുകയും ശത്രു ഉള്ളിലേക്ക് കടക്കാതിരിക്കാൻ അദ്ദേഹത്തിന്റെതന്നെ അഭിപ്രായപ്രകാരം മദീനയ്ക്കു ചുറ്റും കിടങ്ങു കുഴിക്കുകയും ചെയ്തു. ദാരിദ്ര്യത്തിന്റെ കാലഘട്ടമായിരുന്നു അത്. കിടങ്ങു കുഴിച്ചതിനുശേഷം മുസ്ലിംകൾ ഉള്ളിൽതന്നെയായി. റേഷന്റെ കുറവ് കാരണത്താൽ അവരുടെ അവസ്ഥ വളരെ പരിതാപകരമായി. ഈ പരിതസ്ഥിതിയിലും അല്ലാഹു ഒരുപാട് അടയാളങ്ങൾ കാണിച്ചു. ദുആ സ്വീകരിക്കപ്പെട്ടതിന്റെ ഒരുപാട് സംഭവങ്ങളും വെളിപ്പെട്ടു, നിങ്ങളുടെ ദുആ സ്വീകരിക്കപ്പെട്ടിരിക്കുന്നു, നിങ്ങൾക്ക് നഷ്ടമുണ്ടാക്കാൻ ശത്രുവിന് സാധിക്കുകയില്ല എന്നറിയിക്കുന്നതിനുവേണ്ടി. വരുംകാലങ്ങളിൽ വലിയവലിയ രാജ്യങ്ങൾ അധീനപ്പെടുമെന്ന സുവാർത്തയും നബിതിരുമേനിയെ അറിയിച്ചു.

അവിടന്ന് വിശന്നുവലഞ്ഞു. സ്വഹാബത്തിന്റെ അവസ്ഥയും ഇതുതന്നെയായിരുന്നു. അവിടന്നും സ്വഹാബത്തും വയറ്റിൽ കല്ലുവെച്ചു കെട്ടിയിരുന്നു. കിടങ്ങ് കുഴിക്കുന്നവേളയിൽ ഒരു കരിങ്കൽപ്പാറ കെണിഞ്ഞു. അത് പൊട്ടിക്കുക എന്നത് അവർക്ക് ദുഷ്കരമായി. നബി(സ) തിരുമേനി ഇരുമ്പുപിക്കാസെടുത്തു കരിങ്കൽപ്പാറമേൽ ആഞ്ഞുവെട്ടി. മൂന്നു പ്രാവശ്യം ആഞ്ഞുവെട്ടിയപ്പോഴാണ് ആ പാറ പൊട്ടിപ്പിളർന്നത്. ഓരോ പ്രാവശ്യവും ആഞ്ഞുവെട്ടുമ്പോൾ ഒരു രാജ്യഭരണം കിട്ടുന്നതിന്റെ കാഴ്ച അല്ലാഹു നബിയെ കാണിച്ചുകൊണ്ടിരുന്നു. അവിടന്ന് പറഞ്ഞു. ആദ്യം കരിങ്കൽപ്പാറയിൽ ആഞ്ഞുവെട്ടിയപ്പോൾ സിറിയൻ അരമനകളുടെ താക്കോലുകൾ എനിക്ക് നല്കപ്പെട്ടു. രണ്ടാംവട്ടം ആഞ്ഞുവെട്ടിയപ്പോൾ പേർഷ്യൻകൊട്ടാരങ്ങളുടെ താക്കോലുകൾ എനിക്ക് നല്കപ്പെട്ടു. മൂന്നാംപ്രാവശ്യം ആഞ്ഞുവെട്ടിയപ്പോൾ യമൻ സാമ്രാജ്യത്തിന്റെ താക്കോലുകൾ എനിക്ക് നല്കപ്പെട്ടു. സൻആയുടെ കോട്ടവാതിലുകൾ എനിക്കായി തുറക്കപ്പെട്ടു.

പരിഹസിക്കുന്നവർ അന്ന് നബിയെ പരിഹസിച്ചിട്ടുണ്ടാകും. പക്ഷേ, അല്ലാഹു പറഞ്ഞു: ഈ യുദ്ധം ജയിക്കുന്നതിനുള്ള ദുആ സ്വീകരിക്കപ്പെടുമെന്നു മാത്രമല്ല വരുംകാലങ്ങളിൽ ഭരണം ലഭിക്കുന്ന രാജ്യങ്ങളെക്കുറിച്ചും ഞാനറിയിക്കുകയാണ്.

ഈ സമയത്ത് ഭക്ഷണസാധനത്തിൽ അനുഗ്രഹമുണ്ടായ ഒരു സംഭവവും വിവരിക്കുന്നുണ്ട്. ജാബിർബിൻ അബ്ദുല്ലാഹ്(റ) നബി(സ) തിരുമേനിയുടെ മുഖത്ത് അസഹ്യമായ വിശപ്പിന്റെ ലക്ഷണങ്ങൾ കണ്ടു. വീട്ടിൽ പോയി എന്തെങ്കിലും കഴിക്കുന്നതിനുണ്ടോ എന്ന് തിരക്കി. കുറച്ച് യവപ്പൊടിയും ഒരു ആട്ടിൻകുട്ടിയും ഉണ്ടെന്ന് അവർ പറഞ്ഞു. അദ്ദേഹം ആട്ടിൻകുട്ടിയെ അറുത്തു. എന്നിട്ട് ഭക്ഷണം തയ്യാറാക്കാൻ പറഞ്ഞു. താൻ നബിയെ ഭക്ഷണത്തിന് വിളിക്കാൻ പോകുകയാണെന്നും പറഞ്ഞു. കൂടുതൽ ആളുകളെയും കൂട്ടി വരരുതെന്ന് നബിയോട് പറയാൻ ഭാര്യ അറിയിച്ചു.

ഹസ്റത്ത് ജാബിർ(റ) നബിയുടെയടുക്കൽ വന്നു. കുറച്ച് ഭക്ഷണം തയ്യാറാക്കിയിട്ടുണ്ടെന്നും, വീട്ടിലേക്ക് വന്ന് ഭക്ഷണം കഴിക്കാനും നബിയോട് പറഞ്ഞു. ഭക്ഷണം എത്രയുണ്ടെന്ന് അവിടന്ന് ചോദിച്ചു. ഒരു ആട്ടിൻകുട്ടിയും യവത്തിന്റെ കുറച്ച് റൊട്ടിയുമാണുള്ളതെന്ന് അദ്ദേഹം പറഞ്ഞു. ഇത് ഒരുപാടാണെന്ന് അവിടന്ന് അറിയിച്ചു. അൻസാറും മുഹാജിറുമെല്ലാം കൂടെവരാനും നബി(സ) പറഞ്ഞു.

ഹസ്റത്ത് ജാബിർ(റ) പറയുന്നു: ഞാൻ വിഷമത്തിലായി. പക്ഷേ, നബി(സ) അദ്ദേഹത്തോടു പറഞ്ഞു. കറിയുടെ ചരുവം ഞാൻ വന്നിട്ട് അടുപ്പിൽ നിന്ന് ഇറക്കിയാൽ മതി. ഞാൻ വന്നതിനുശേഷം റൊട്ടി ഉണ്ടാക്കിയാൽമതി. നബി(സ) തിരുമേനി അവിടെച്ചെന്ന് സ്വന്തം മേൽനോട്ടത്തിൽ റൊട്ടി ഉണ്ടാക്കാനും ഭക്ഷണം വിതരണം ചെയ്യാനും തുടങ്ങി. അവിടത്തെ ദുആയുടെ സ്വീകാര്യതകൊണ്ട് എല്ലാവരും വയറുനിറയെ ഭക്ഷണം കഴിച്ചു.

ഇത്ര വലിയ സൈന്യത്തിന്റെ മേൽ, എങ്ങനെയാണ് അല്ലാഹു മുസ്ലിംകൾക്ക് വിജയം നല്കിയതെന്ന് നോക്കുക. രാത്രിയിൽ ശക്തമായ പൊടിക്കാറ്റുണ്ടായി. അത് ശത്രുപാളയത്തിൽ ബഹളം വിതച്ചു. കാരണം തുറന്നസ്ഥലത്തായിരുന്നു അവർ തമ്പടിച്ചിരുന്നത്. ടെന്റുകളെല്ലാം പൊട്ടി. തറപ്പാളകൾ പാറിപ്പറന്നു. അടുപ്പിന്മേലുണ്ടായിരുന്ന വലിയ വലിയ പാത്രങ്ങൾ മറിഞ്ഞുവീണു. പൊടിമണലും ചെറിയ കല്ലും ആളുകളുടെ കണ്ണിലും മൂക്കിലും ചെവിയിലും നിറഞ്ഞു. ജനതയുടെ അടയാളമായി തെളിച്ചിരുന്ന ദീപം അണഞ്ഞു. ഇത് കണ്ടുകൊണ്ട് സൃഷ്ടിപൂജകരായ സത്യനിഷേധികളുടെ തന്റേടം കെട്ടുപോയി. ദീർഘമായ കാത്തുകിടപ്പും, ഇത്രവലിയ സൈന്യവും അവരുടെ ഭക്ഷണകാര്യങ്ങളുമെല്ലാം കൊണ്ട് അവരുടെ അവസ്ഥയും അങ്ങേയറ്റം മോശമായിരുന്നു. മുകളിൽപറഞ്ഞ കാര്യങ്ങൾ അവർക്കൊരു പ്രഹരമായിത്തീർന്നു. മുഴുസൈന്യങ്ങളുടെയും സൈന്യാധിപനായി തിരഞ്ഞെടുക്കപ്പെട്ട അബൂസുഫ്യാൻ, തന്റെ സൈന്യത്തേയും കൊണ്ടു തിരിച്ചുപോയി. അതുകണ്ടുകൊണ്ട് മറ്റുള്ളവരും മടങ്ങാൻ തുടങ്ങി. പ്രഭാതമായപ്പോഴേക്ക് ആ മൈതാനം ശൂന്യമായിത്തീർന്നു. മദീനയെ നശിപ്പിക്കാൻ വന്നവർ സ്വയം നഷ്ടം സഹിച്ച് മടങ്ങിപ്പോയി. ഇതിനുശേഷം നടന്ന സംഭവങ്ങൾ ഹസ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു. നബി(സ) തിരുമേനി ഇങ്ങനെ ദുആ ചെയ്തു.

***ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു വ അഅസ്സു ജുംറഹു വനസ്റ അബ്ദഹു വ ഗലബൽ അഹ്സാബ വഹ്ദഹു ഫലാ ശയ്അ വഹദ.*** അല്ലാഹുവിനെ കൂടാതെ ആരാധനയ്ക്കർഹനാരുമില്ല. അവൻ ഏകനാകുന്നു. അവൻ തന്റെ സൈന്യത്തിന് ആദരവ് നല്കി. അവന്റെ ദാസരെ സഹായിച്ചു. അവൻതന്നെ അഹ്സാബിനെ പരാജയപ്പെടുത്തി. അവനെ കൂടാതെ ഒന്നുംതന്നെയില്ല.

മക്കയിൽ നബി(സ)നെ നശിപ്പിക്കാൻ ശത്രുക്കൾ കച്ചകെട്ടിയിറങ്ങിയ ഒരു കാലമുണ്ടായിരുന്നു. അവരുടെ അക്രമം സഹിക്കവയ്യാതെ അവിടന്നും അനുയായികളും മക്കയിൽനിന്ന് ഹിജ്റ ചെയ്തു. പക്ഷെ, പിന്നീട് മദീനയുടെമേലും ശത്രു ആക്രമണം നടത്തിക്കൊണ്ടിരുന്നു. അങ്ങനെ ബദ്ർ യുദ്ധമുണ്ടായി. ഉഹ്ദ് യുദ്ധമുണ്ടായി. അഹ്സാബ് യുദ്ധമുണ്ടായി. ആദ്യമുണ്ടായ ബദ്ർ യുദ്ധത്തിലും നബി(സ) തിരുമേനി ദുആ ചെയ്തു: ഇന്ന് മുസ്ലിംകൾ പരാജയപ്പെടുകയാണെങ്കിൽ മുസ്ലിംകളിൽ ഒരുത്തരേയും സത്യനിഷേധികൾ ബാക്കിവെക്കുകയില്ല. അല്ലാഹുവേ, പിന്നീട് നിന്റെ നാമം പ്രഘോഷിക്കുന്നവർ ലോകത്താരുമുണ്ടാകുകയില്ല. അല്ലാഹു ഈ ദുആ സ്വീകരിച്ചുകൊണ്ട് നബി(സ) തിരുമേനിയെ സമാധാനിപ്പിച്ചു; വ്യാകുലപ്പെടേണ്ട. വിജയം നിങ്ങളുടേതുതന്നെയാണ്. വിജയം ഇസ്ലാമിന്റേതാണ്. ഇൻശാഅല്ലാഹ്. ശത്രുക്കൾ പരാജയപ്പെട്ടതിന് ചരിത്രം സാക്ഷിയാണ്. എങ്ങനെയാണ് ബദ്ർ യുദ്ധത്തിൽ ശത്രുക്കളുടെ നേതാക്കന്മാർ നരകത്തിൽ വീണതെന്ന് ആദ്യം പറഞ്ഞ നിവേദനങ്ങളിൽ ഞാൻ വിവരിച്ചിട്ടുള്ളതാണ്.

പിന്നീട് ഉഹദ് യുദ്ധമുണ്ടായി. ശത്രുക്കൾക്ക് അനുകൂലമായി യുദ്ധം തിരിഞ്ഞിട്ടും അല്ലാഹു മുസ്ലിംകളെ വൻനഷ്ടത്തിൽനിന്ന് സുരക്ഷിതരാക്കി. അഹ്സാബ് യുദ്ധത്തിന്റെ ഹ്രസ്വവിവരണവും നിങ്ങൾ കേട്ടുകഴിഞ്ഞു. ദുആ സ്വീകാര്യതയുടെ കാഴ്ചകളും നിങ്ങൾ കണ്ടു. അല്ലാഹുതആല നബി തിരുമേനിയെ സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു. നീ തനിച്ചായിരുന്നപ്പോൾ നിന്നെ ഒന്നും ചെയ്യാൻ ശത്രുക്കൾക്ക് കഴിഞ്ഞില്ല. എന്റെ പ്രിയപ്പെട്ട നബി, ഞാൻ നിന്റെ ആദ്യദിവസത്തെ ദുആ കേൾക്കുകയും സ്വീകരിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ഈ ദീൻ ഖിയാമത്തുന്നാൾവരെ നശിക്കുകയില്ലെന്ന് ഞാൻ നിന്നെ സുവാർത്ത അറിയിക്കുന്നു. മുഴുലോകത്തിനുംമേൽ ഇത് വിജയിക്കേണ്ടതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. വിവിധ സമുദായങ്ങൾ എന്റെ മുമ്പിൽ കൊണ്ടുവരപ്പെട്ടു. ഒരു നബിയും ചെറിയൊരു സമുദായവും വേറൊരു നബിയും ഒന്നുരണ്ട് അനുയായികളും അനുയായികളാരുമില്ലാത്ത നബിയേയും ഞാൻ കണ്ടു. അതിനിടയിൽ വമ്പിച്ചൊരു ജനാവലിയെ എനിക്ക് ഉയർത്തിക്കാണിക്കപ്പെട്ടപ്പോൾ അവർ എന്റെ സമുദായമാണെന്ന് ഞാൻ കരുതിയെങ്കിലും മൂസാനബിയും തന്റെ ജനതയുമാ

ണെന്ന് പറയപ്പെട്ടു. ചക്രവാളത്തിലേക്ക് നീയൊന്നു തിരിഞ്ഞുനോക്കൂ എന്ന ആജ്ഞ കേട്ട് ഞാൻ നോക്കുമ്പോഴതാ ഒരു വമ്പിച്ച ജനാവലി. മറുലോകത്തേക്കും നീയൊന്ന് നോക്കൂ എന്ന് എന്നോട് പറയപ്പെട്ടേണ്ട താമസം അതാ അവിടേയും വമ്പിച്ചൊരു ജനസാഗരത്തെ കാണുകയാണ്. ഇത് നിന്റെ സമുദായമാണെന്നും ഇവരിൽനിന്നാണ് 70,000 പേർ ശിക്ഷയും വിചാരണയും കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതെന്നും എന്നോട് പറയപ്പെട്ടു. അതെന്തുകൊണ്ടാണെന്ന് ഞാൻ ചോദിച്ചപ്പോൾ ജിബ്രീൽ (അ) പറഞ്ഞു: ഇവർ മന്ത്രിക്കാത്തവരും മന്ത്രിക്കപ്പെടാത്തവരും ശകുനം നോക്കാത്തവരും തങ്ങളുടെ രക്ഷിതാവിൽ സർവ്വവും സമർപ്പിക്കുന്നവരുമാണ്. അപ്പോൾ ഉക്കാശബിൻ മിഹ്സ്വൻ എഴുന്നേറ്റുനിന്ന് പറഞ്ഞു: നബിയേ! അക്കൂട്ടത്തിൽ ഞാനുൾപ്പെടാൻ അല്ലാഹുവിനോട് അങ്ങ് പ്രാർത്ഥിച്ചാലും. നബി(സ) തിരുമേനി ദുആ ചെയ്തു. അല്ലാഹുവേ, നീ ഇദ്ദേഹത്തെ അവരിൽ ഉൾപ്പെടുത്തേണമേ. നബി(സ) പറഞ്ഞു. നീ അക്കൂട്ടത്തിലാണ്. അപ്പോൾ വേറൊരാൾ എഴുന്നേറ്റുനിന്ന് പറഞ്ഞു. ഞാനും അതിലുൾപ്പെടാൻ അങ്ങ് പ്രാർത്ഥിച്ചാലും. അവിടന്ന് പറഞ്ഞു: നിന്റെ മുമ്പിൽ ഉക്കാശ കടന്നുകഴിഞ്ഞു.

ഖിയാമത്തുനാൾവരെയുള്ള കാഴ്ചകൾ നബി(സ)നെ ഇതിൽ കാണിച്ചിരിക്കുകയാണ്. അവസാനനാൾവരെ പ്രാർത്ഥന സ്വീകരിക്കപ്പെടുമെന്നുള്ള പ്രവചനമാണ് ഇതിൽ അടങ്ങിയിട്ടുള്ളത്. നബി(സ) തിരുമേനിക്ക് അഹ്സാബ് യുദ്ധാവസരത്തിൽ പ്രബലമായ മൂന്ന് രാജ്യങ്ങളുടെ താക്കോൽ നൽകപ്പെട്ടിരുന്നു. ഇവിടെ അല്ലാഹു പറയുന്നത് ലോകത്തിന്റെ ഭൂരിഭാഗവും അവിടത്തെ സമുദായത്തിൽ പ്രവേശിക്കുമെന്നാണ്. അവസാനം വരുന്ന ആളുകളെ ആദ്യത്തെ ആളുകളുമായി ചേർക്കാനുള്ള അവിടത്തെ സത്യസന്ധനായ പ്രേമിയുടെ ജമാഅത്ത്, അതായത് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം എല്ലാ മതങ്ങളുടേയും മേൽ വിജയം വരിക്കേണ്ടതാണ്. ഇതിൽ ഖിയാമത്തുന്നാൾവരെ സൽകർമ്മകാരികളായ ഒരുപാടാളുകൾ അവിടത്തെ സമുദായത്തിൽ ജന്മംകൊള്ളുമെന്ന പ്രവചനവും ഉണ്ട്. അവിടത്തെ ദുആ അവിടത്തെ അനുയായികൾക്ക് ഖിയാമത്തുന്നാൾവരെ എത്തിക്കൊണ്ടിരിക്കുമെന്ന് അല്ലാഹു സമാധാനിപ്പിക്കുകയും ചെയ്തിരിക്കുന്നു. എന്റെ ദുആ കൊണ്ട് മാത്രമല്ല മറിച്ച്, സൽകർമ്മം ചെയ്തുകൊണ്ട് വിചാരണ കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവരിൽ ഉൾപ്പെടാനും അവിടന്ന് ഉപദേശിച്ചിരിക്കുന്നു. നിങ്ങളുടെ സൽകർമ്മങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ ആകർഷിച്ചെടുക്കുന്നതായിരിക്കണം. നിങ്ങളുടെ തെറ്റുകൾ അവൻ അവഗണിച്ചുകൊണ്ട് നിങ്ങളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കണം. അതുകൊണ്ട് അവന്റെ അനുഗ്രഹത്തെ ആകർഷിച്ചെടുക്കാൻ യത്നിക്കുക.

അല്ലാഹു നമുക്ക് ഈ സ്ഥാനം കരസ്ഥമാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മളിൽ എത്രമാത്രം ദുആ ചെയ്യുന്നതിലേക്ക് ശ്രദ്ധയുണ്ടാകുമോ അത്രത്തോളം പെട്ടെന്ന് നാം നബി(സ) തിരുമേനിയുടെ ദുആയിൽ ഭാഗഭാക്കായിക്കൊണ്ടേപോകും. നാം നബി(സ)തിരുമേനിയെ സത്യമായി പിൻപറ്റുന്നവർക്കുള്ള അനുഗ്രഹങ്ങളുടെ അനന്തരാവകാശികൾ ആയിക്കൊണ്ടേപോകും. അത്രയും പെട്ടെന്ന് തന്നെ ഇസ്‌ലാമിന്റെ ശത്രുക്കൾ പരാജയപ്പെടുന്നത് നാം കാണുകയും ചെയ്യും. ഫിർഔന്റേയും ഹാമാന്റേയും നാശങ്ങളും നാം കാണുന്നതാണ്.

അല്ലാഹുവിൽ ലയിച്ചവന്റെ ദുആയിൽനിന്ന് അനുഗ്രഹം തേടാൻ നിങ്ങളുടെ അവസ്ഥയെ അല്ലാഹുവിന്റെ കല്പനയനുസരിച്ച് ആക്കിക്കൊണ്ട് അവന്റെമുമ്പിൽ കുനിഞ്ഞുകൊണ്ടുപോകാൻ ശ്രമിക്കുക. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 18.8.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala